# നിശബ്ദതയിൽ നിന്നും നിത്യതയിലേക്ക്
## ഫാദർ സെബാസ്റ്റ്യൻ പൂവത്തിങ്കൽ എം.സി.ബി.എസ്

(ജീവചരിത്രം)

നിശബ്ദനായി ഞങ്ങളുടെ ഇടയിൽ ജീവിച്ച ഒരു വിശുദ്ധനായ ഒരു വൈദികനുണ്ടായിരുന്നു. ''അവൻ തർക്കിക്കുകയോ, ബഹളം വയ്ക്കുകയോ ചെയ്തില്ല'' എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള വ്യക്തിത്വം. നിഷ്കളങ്കതയുടെ ആൾരൂപമായും പ്രാർത്ഥയുടെ മനുഷ്യനായും തീക്ഷ്ണതയേറിയ മിഷനറിയായും ആത്മാക്കളെ തേടിയിറങ്ങിയിരുന്ന അജപാലകനായും അദ്ദേഹം നമുക്കിടയിൽ ജീവിച്ചു. ഫാ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ എന്ന ആ നന്മ നിറഞ്ഞ സഹോദര വൈദികന് അന്തിമാഭിവാദനം അർപ്പിക്കുന്ന ഈ വേളയിൽ ആ വിശുദ്ധി നിറഞ്ഞ ജീവിതത്തിലൂടെ നമുക്കൊന്ന് കടന്നുപോകാം.

### ജനനം – ബാല്യം

പാലാ രൂപതയിലെ കടനാട് ഇടവകയിൽ പൂവത്തിങ്കൽതാഴത്തേൽ കുടുംബത്തിലെ അബ്രാഹം – ഏലിയാമ്മ ദമ്പതികളുടെ മൂത്ത പുത്രനായി 1938 മെയ് 13–ന് ഫാ. സെബാസ്റ്റ്യൻ ജനിച്ചു. കടനാട് ഇടവകപ്പള്ളിയിലായിരുന്നു മാമ്മോദീസ. ദേവസ്യാ എന്ന പേര് മാമ്മോദീസായിൽ സ്വീകരിച്ചു. പി.എ. അഗസ്റ്റിൻ, പി.എ. ജോസ് എന്നിവരായിരുന്നു സഹോദരങ്ങൾ.

സെബാസ്റ്റ്യന് ഏഴു വയസ്സ് പൂർത്തിയായപ്പോൾ കടനാട് വല്യാത്ത് ഗവണ്മെന്റ് എൽ.പി. സ്കൂളിൽ വിദ്യാഭ്യാസം ആരംഭിച്ചു. തുടർന്ന് കടനാട് സെന്റ് സെബാസ്റ്റ്യൻസ് മിഡിൽ സ്കൂളിൽ പഠനം തുടർന്നു. പള്ളിവക സ്കൂളിൽ ആയിരുന്നതുകൊണ്ട് മതപഠനവും വാർഷിക ധ്യാനങ്ങളുമുണ്ടായിരുന്നു. ഓരോ ക്ലാസ്സിനും അഞ്ച് സാഹിത്യസദസ്സ് ഉണ്ടായിരുന്നു. കഥകൾ പറയാനും പ്രസംഗിക്കാനും അധ്യാപകർ സെബാസ്റ്റ്യനെ പ്രേരിപ്പിച്ചു. മിഡിൽ സ്കൂളിൽ പഠിക്കുന്ന കാലത്ത് ഇടവകപ്പള്ളിയിൽ എല്ലാ ആദ്യവെള്ളിയാഴ്ചയും വിശുദ്ധ കുർബാനയിലും ആരാധനയിലും പങ്കെടുത്തത് ഒരു മിഷനറിയാകാൻ അദ്ദേഹത്തിനു പ്രചോദനം നൽകി. 1957–ൽ ഹൈസ്കൂൾ പഠനം പൂർത്തിയാക്കി. ഒരു മിഷനറി ആകാനുള്ള ആഗ്രഹം അദ്ദേഹത്തിന്റെ മനസിൽ അപ്പോഴേക്കും തീക്ഷ്ണമായി വളർന്നിരുന്നു. ഒപ്പം ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർമാരായിരുന്ന ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയുടെയും (പിന്നീട് തലശേരി രൂപതയുടെ മെത്രാനായി നിയമിതനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി) ഫാ. ജോസഫ് കൂവള്ളൂരിന്റെയും മാതൃക അദ്ദേഹത്തെ ഏറെ പ്രചോദിപ്പിച്ചിരുന്നു.

### സെമിനാരിയിലേക്ക്

1958–ൽ മാതാപിതാക്കളുടെ അനുഗ്രഹാശിസ്സുകളോടെ, ദിവ്യകാരുണ്യ മിഷനറി സഭയുടെ അതിരമ്പുഴയിലുള്ള ലിസ്യു ഹോളിഹോസ്റ്റ് മൈനർ സെമിനാരിയിൽ ചേർന്നു. നവസന്യാസ പരിശീലനം ഫാ. ജോർജ് കാനാട്ടിന്റെ കീഴിൽ കോട്ടയം കടുവാക്കുളം ആശ്രമത്തിൽ വച്ചായി

രുന്നു. 1960 മെയ് 25–ന് പ്രഥമവ്രതവാഗ്ദാനം നടത്തി. തുടർന്ന് ആലുവ കാർമ്മൽഗിരി സെമിനാരിയിൽ ഫിലോസഫിയും മംഗലപ്പുഴ സെമിനാരിയിൽ തിയോളജിയും പഠിച്ചു. തിയോളജി പഠിച്ചുകൊണ്ടിരുന്നപ്പോൾ, 1964 ഡിസംബറിൽ ബോംബെയിൽ നടന്ന ദിവ്യകാരുണ്യ കോൺഗ്രസിൽ സംബന്ധിച്ചത് ബ്രദർ സെബാസ്റ്റ്യനിൽ വലിയ ആവേശം നിറച്ചു.

## പൗരോഹിത്യം

തിയോളജി നാലാം വർഷം പൂർത്തിയാകും മുൻപേ, 1967 ഡിസംബർ 16–ന് മംഗലപ്പുഴ സെമിനാരിയിൽ അഭിവന്ദ്യ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. പിറ്റേന്ന് സ്വന്തം ഇടവകയിൽ പ്രഥമദിവ്യബലി അർപ്പണം നടത്തി. രണ്ടാഴ്ചത്തെ അവധിക്കു ശേഷം തിയോളജി നാലാം വർഷ ക്ലാസ്സുകൾ തുടർന്നു. 1968 മാർച്ചിൽ തിയോളജി പഠനം പൂർത്തിയാക്കി. ആ വർഷം ആലുവ സെമിനാരിയിൽ, ഡിസംബറിൽ തിരുപ്പട്ട സ്വീകരണം നടത്തിയതിനു ശേഷം, മാർച്ചുമാസത്തിൽ തിയോളജി പഠനം പൂർത്തിയാകുന്ന രീതിയിലായിരുന്നു ക്രമീകരണം.

തിരുപ്പട്ട സ്വീകരണ ശേഷം, സെബാസ്റ്റ്യനച്ചന്റെ ആദ്യ നിയമനം എം.സി.ബി.എസ് ആലുവ സ്റ്റഡി ഹൗസിലെ അംഗം ആയിട്ടായിരുന്നു. അവിടെ താമസിച്ചുകൊണ്ട് സമീപ ഇടവകകളിൽ വൈദിക ശുശ്രൂഷകൾ നിർവ്വഹിച്ചു. 1969–ൽ കാഞ്ഞൂർ ഫൊറോനാ പള്ളിയിൽ മൂന്നു മാസം അസിസ്റ്റന്റായി നിയമിതനായി.

## മിഷനിലേക്ക്

1969 ഏപ്രിൽ മാസത്തിൽ ഛത്തിസ്ഗഡിലെ റൈഗാർ – അംബികപ്പൂർ രൂപതയിലേക്ക് മിഷൻ പ്രവർത്തനത്തിനായി അച്ചൻ യാത്രയായി. വടക്കേ ഇന്ത്യയിലെ ഛോട്ടാ നാഗ്പ്പൂർ മിഷന്റെ ഭാഗമായിരുന്നു ഈ രൂപത. റൈഗർ – അംബികപ്പൂർ രൂപതയിലെ പള്ളികളിലെ രണ്ടെണ്ണമൊഴിച്ച് ബാക്കിയെല്ലാം ഗ്രാമപ്രദേശങ്ങളിലായിരുന്നു. അച്ചന് ആദ്യം നിയമനം കിട്ടിയത് റൈഗർ ടൗൺ പള്ളിയിലായിരുന്നു. അവിടെ വികാരിയായിരുന്ന സി.എം.ഐ. അച്ചന്റെയും അസിസ്റ്റന്റായിരുന്ന ബെൽജിയംകാരൻ ജെസ്യൂട്ട് വൈദികന്റെയും ഒപ്പം മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹിന്ദി ഭാഷയും അവിടത്തെ ആദിവാസി ഹരിജൻ കത്തോലിക്കരുടെ ഭാഷയും ഇക്കാലത്താണ് പഠിച്ചത്.

എല്ലാ ഇടവകകളിലും കുട്ടികളുടെ ബോർഡിംഗും മിഡിൽ സ്കൂൾ വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉണ്ടായിരുന്നു. ചില ഗ്രാമങ്ങളിൽ എൽ.പി സ്കൂളുകളുണ്ടായിരുന്നു. ഗ്രാമീണരെ കൃഷികാര്യങ്ങളിൽ 'ഫുഡ് – ഫോർ – വർക്ക്' പ്രോഗ്രാമിലൂടെ അച്ചനുൾപ്പെടെയുള്ള മിഷനറിമാർ സഹായിച്ചുപോന്നു. 1969 മുതൽ 1983 വരെയുള്ള കാലയളവിൽ രാജ് ഘട്ട്, ജിനാബാഹർ, ലുഡേഗ്, ധർമ്ജയ്ഘട്ട്, ഘാഗ്ര, മുസ്ങ്ട്രി, ശാദിപ്പാറ, മാൻപൂർ തുടങ്ങിയ എട്ടു പള്ളികളിൽ സെബാസ്റ്റ്യനച്ചൻ അസിസ്റ്റന്റായി ശുശ്രൂഷ ചെയ്തിരുന്നു. ശാദിപ്പാറയിലെ അസിറ്റന്റ് ആയിരിക്കുന്ന സമയത്തു തന്നെ അച്ചൻ അവിടുത്തെ ദീപക് യു.പി സ്കൂളിന്റെ ഹെഡ്മാസ്റ്ററും ആയിരുന്നു. അതിനിടയിൽ റാഞ്ചി യൂണിവേഴ്സിറ്റിയിൽ നിന്നും ബി.എയും ഇംഗ്ലീഷിൽ എം.എയും പാസ്സായി. റാഞ്ചിയിലെ സെന്റ് ആൽബർട്ട് സെമിനാരിയും ഈശോസഭാ വൈദികരുടെ മന്റേസാ ഭവനും സെബാസ്റ്റ്യനച്ചന്റെ ആത്മീയവളർച്ചയെ ഏറെ സഹായിച്ചിട്ടുണ്ട്.

## വീണ്ടും കേരളത്തിലേക്ക്

1983 ജൂണിൽ 14 വർഷത്തെ മിഷൻ പ്രവർത്തനത്തിനു ശേഷം അച്ചൻ കേരളത്തിലേക്ക് തിരിച്ചു

വന്ന്, ആലുവ എം.സി.ബി.എസ് സ്റ്റഡി ഹൗസിലെ ഫിലോസഫി വിദ്യാർത്ഥികളുടെ സ്പിരിച്ച്വൽ ഡയറക്ടറായി. 1985 മുതൽ 1990 വരെ കരിമ്പാനി മേരി മാതാ കോളജിന്റെ പ്രിൻസിപ്പാളായി സേവനം ചെയ്തു. 1990 മുതൽ 1993 വരെ കരിമ്പാനി ആശ്രമ സുപ്പീരിയറായിരുന്നു. 1994–95 വർഷങ്ങളിൽ നെല്ലിക്കുറ്റിയിലുള്ള കോട്ടക്കുന്ന് ആശ്രമത്തിൽ ഡയറക്ടറായി. 1995 മെയ് മാസത്തിൽ ചങ്ങനാശ്ശേരി അതിരൂപതയിലെ കുറ്റിക്കോണം, നരിക്കൽ പള്ളികളുടെ വികാരിയായി. അവിടെ 'ദൈവപരിപാലനയുടെ സിസ്റ്റേഴ്സിന്റെ' (Little Servants of Divine Providence) ഒരു മഠം സ്ഥാപിക്കാൻ അച്ചൻ സഹായിച്ചു. 1999–ൽ തമിഴ്നാട്ടിലെ ചെങ്കോട്ടയിലുള്ള ഭവനത്തിൽ സുപ്പീരിയറായി. 2000 ഏപ്രിൽ മാസം മുതൽ കോമ്പയാർ ആശ്രമ സുപ്പീരിയർ, സ്കൂൾ മാനേജർ എന്നീ നിലകളിൽ സേവനം ചെയ്തു. 2005 മെയ് മാസത്തിൽ എറണാകുളം ജില്ലയിലെ ആനപ്പാറ ബാലഭവനിലെ സുപ്പീരിയറായി നിയമിക്കപ്പെട്ടു. 2007 ഒക്ടോബറിൽ കാലടി – താന്നിപ്പുഴ ദിവ്യകാരുണ്യ ആശ്രമത്തിലെ അംഗമായി നിയമിതനായി. താന്നിപ്പുഴ ധ്യാനകേന്ദ്രത്തിലേയും പോട്ട, ഡിവൈൻ, ചിറ്റൂർ ധ്യാനകേന്ദ്രങ്ങളിലേയും കുമ്പസാരം കേൾക്കുക, അടുത്തുള്ള ഇടവകപ്പള്ളികളിൽ ആത്മീയ കാര്യങ്ങളിൽ സഹായിക്കുക തുടങ്ങിയ കാര്യങ്ങൾ ഇക്കാലയളവിൽ അച്ചൻ നിർവ്വഹിച്ചുകൊണ്ടിരുന്നു.

**രോഗാവസ്ഥ**

2019 മുതൽ ലോകമെമ്പാടും പടർന്നുപിടിച്ച കോവിഡ് 2021–ൽ സെബാസ്റ്റ്യനച്ചനെയും തേടിയെത്തി. വാർദ്ധക്യവും കോവിഡും ഒരുപോലെ അച്ചനെ തളർത്തിത്തുടങ്ങി. കോവിഡ് ഭേദമായെങ്കിലും അതിനെത്തുടർന്നുണ്ടായ ക്ഷീണവും മറ്റ് ശാരീരിക അസ്വസ്ഥതകളും അച്ചനെ അലട്ടിയിരുന്നു. അതിനെ തുടർന്ന് 2022–ൽ അച്ചൻ കോട്ടയത്ത്, പ്രായമായ അച്ചന്മാർ താമസിക്കുന്ന 'കാസാ ഫ്രത്തേല്ലി' ഹൗസിലെ അംഗമായി.

കാസാ ഫ്രത്തേലിയിലെ വാസം അദ്ദേഹത്തിന്റെ ആരോഗ്യം വീണ്ടെടുക്കാൻ പര്യാപ്തമായിരുന്നു. സമൂഹത്തിലെ പൊതുപ്രാർത്ഥനകളിലും മറ്റു പൊതുവായ ക്രമങ്ങളിലുമെല്ലാം സെബാസ്റ്റ്യനച്ചൻ ഉത്സാഹത്തോടെ പങ്കെടുത്തു. എങ്കിലും 2022–ന്റെ അവസാനഭാഗമായപ്പോഴേക്കും വ്യത്യസ്തങ്ങളായ രോഗങ്ങൾ അദ്ദേഹത്തെ അലട്ടിത്തുടങ്ങിയിരുന്നു. ആശുപത്രിവാസവും വിവിധ മരുന്നുകളും അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ഭാഗമായി മാറി.

2023 ജനുവരി 20–നായിരുന്നു അദ്ദേഹത്തിന്റെ നാമഹേതുക തിരുനാൾ. സമൂഹത്തിൽ ഫീസ്റ്റ് ആഘോഷം നടന്നത് 18–ാം തീയതി ആയിരുന്നു. അതിൽ അദ്ദേഹം ആരോഗ്യവാനായി പങ്കെടുത്തു. എങ്കിലും നാമഹേതുക തിരുനാളായിരുന്ന ജനുവരി 20–നു തന്നെ, പനിയും മറ്റ് അനുബന്ധ ആരോഗ്യപ്രശ്നങ്ങളുമായി അദ്ദേഹത്തെ കോട്ടയം മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. അത് ക്രമേണ ന്യൂറോളജിക്കൽ പ്രശ്നങ്ങളായി വളർന്നു.

ആശുപത്രിയിലും ആശ്രമത്തിലുമായിരുന്നു അദ്ദേഹത്തിന്റെ തുടർന്നുള്ള നാളുകൾ. ഫെബ്രുവരി 20–ന് മെഡിക്കൽ സെന്ററിലെ ഡോക്ടർ ജോമി മെഡിക്കൽ സയൻസിൽ ഇനി നൽകാനായി ചികിത്സാവിധികളൊന്നും ഇല്ലെന്ന് അറിയിച്ചു. അതിനെ തുടർന്ന് സെബാസ്റ്റ്യനച്ചനെ ആശ്രമത്തിലേക്ക് കൊണ്ടുവന്നു. എന്നാലും പിന്നീട് മൂന്നു പ്രാവശ്യം കൂടി അദ്ദേഹത്തെ കോട്ടയം മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചിരുന്നു. 2023 മാർച്ച് 16–ന് കാസാ ഫ്രത്തേലിയിലെ പ്രൊക്കുറേറ്റർ ഫാ. ജോബി തെക്കേടത്ത്, സെബാസ്റ്റ്യൻ പൂവത്തിങ്കലച്ചന് കോട്ടയം മെഡിക്കൽ സെന്ററിൽ വച്ച് രോഗീലേപന കൂദാശ നൽകി. അതിനു മുമ്പ് ഫെബ്രുവരി 9–ന് ബഹുമാനപ്പെട്ട പ്രൊവിൻഷ്യൾ പെരിയ ബഹുമാനപ്പെട്ട ഫാ. ജോസഫ് ചെവ്വേലിക്കുടി, കൗൺസിലർ അച്ചന്മാരുടെയും കാസാ ഫ്രത്തേലിയിലെ അച്ചന്മാരുടെയും സാന്നിധ്യത്തിൽ രോഗീലേപനം നൽകിയിരുന്നു.

**സഹനകാലം**

ജനുവരി 20–ന് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതിനു ശേഷം പിന്നീടൊരിക്കലും അദ്ദേഹം തന്റെ പഴയ ആരോഗ്യാവസ്ഥയിലേക്ക് തിരികെ പ്രവേശിച്ചില്ല. രോഗക്കിടക്കയിലും അച്ചൻ സന്തോഷവാനും പുഞ്ചിരി തൂകുന്നവനുമായിരുന്നു. ഒരിക്കലും രോഗത്തെക്കുറിച്ചോ, അനുഭവിക്കുന്ന വേദനകളെക്കുറിച്ചോ ആരോടും പറഞ്ഞില്ല. വേദനയൊക്കെ പ്രാർത്ഥിച്ച് മറ്റാരെയും അറിയിക്കാതെ സഹിച്ചു. അദ്ദേഹത്തിന്റെ അവസാനകാലം സഹനപൂർണ്ണതയുടെ കാലമായിരുന്നു. സംസാരിക്കാതെയും ചലിക്കാതെയും മരുന്നുകളോട് ശരീരം പ്രതികരിക്കാതെയുമായിരുന്നു സെബാസ്റ്റ്യനച്ചന്റെ അവസാന രണ്ടു മാസങ്ങൾ. കണ്ടുനിൽക്കുന്നവരുടെ കണ്ണുകൾ വരെ നിറയുന്ന അവസ്ഥയായിരുന്നു അത്. പക്ഷേ, അദ്ദേഹം കരയുകയോ, നിലവിളിക്കുകയോ ചെയ്തില്ല. 'പൂവത്തിങ്കലച്ചാ' എന്നു വിളിച്ചാൽ ദുർബലമായി പ്രതികരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു.

**മരണം**

ഒടുവിൽ 2023 എപ്രിൽ 8–ന് ദുഃഖശനിയാഴ്ച രാത്രി എട്ടു മണിയോടെ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വഷളായി. വൈകാതെ, അച്ചനെ ആശുപത്രിയിലെത്തിച്ചു. രാത്രി 11 മണിയോടെ ഭൂമിയിലെ ജീവിതത്തിന് അന്ത്യം കുറിച്ചുകൊണ്ട് അദ്ദേഹത്തിന്റെ ആത്മാവ് ദൈവസന്നിധിയിലേക്ക് യാത്രയായി. തുടർന്ന് പ്രൊവിൻഷ്യാളച്ചന്റെ കാർമ്മികത്വത്തിൽ ഒപ്പീസ് ചൊല്ലിയതിനു ശേഷം  ഭൗതികദേഹം മോർച്ചറിയിലേക്കു മാറ്റി.

**ജീവിതമാതൃക**

സഹനത്തിന്റെ കടൽ താണ്ടി കടന്നുപോയ ഒരു വിശുദ്ധ സഞ്ചാരിയായിരുന്നു ഫാ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ എം.സി.ബി.എസ്.

എം.സി.ബി.എസ് സന്യാസ സമൂഹത്തിലെ വിശുദ്ധി നിറഞ്ഞ, നിശബ്ദനായ ഒരു ദിവ്യകാരുണ്യ പ്രേഷിതനായിരുന്നു സെബാസ്റ്റ്യനച്ചൻ. പൂവത്തിങ്കൽതാഴത്തേൽ എന്നായിരുന്നു പൂർണ്ണമായ വീട്ടുപേരെങ്കിലും പൂവത്തിങ്കൽ എന്നായിരുന്നു സഭയിൽ അറിയപ്പെട്ടിരുന്നത്. നിഷ്കളങ്കതയും നിശബ്ദതയും നീതിനിഷ്ഠയും ജീവിതത്തിൽ പുലർത്തിയ ഒരാൾ. അദ്ദേഹം സ്വരമുയർത്തുകയോ, വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയോ ചെയ്യുമായിരുന്നില്ല. എല്ലാവരെയും എല്ലാത്തിനെയും പുഞ്ചിരിയോടെ, മൗനത്തോടെ സ്വീകരിച്ചു. ആരെയും അദ്ദേഹം മാറ്റിനിർത്തിയില്ല. ആരിൽ നിന്നും അകന്നുനിന്നതുമില്ല.

സെമിനാരിക്കാലം മുതലേ ശാന്തസ്വഭാവക്കാരനായിരുന്നു സെബാസ്റ്റ്യനച്ചൻ എന്ന് ബാച്ചുകാരനായ ഫാ. സിറിയക് കോട്ടയരുകിൽ സാക്ഷ്യപ്പെടുത്തുന്നു. ആരുമായും അദ്ദേഹത്തിന് ഒരു പ്രശ്നങ്ങളുമില്ലായിരുന്നു. കാര്യങ്ങളെ സൂക്ഷ്മമായി മനസിലാക്കാനുള്ള കഴിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഏൽപിക്കപ്പെട്ട ഉത്തരവാദിത്വങ്ങളെല്ലാം സമയമെടുത്ത് പഠിച്ച് ചെയ്യുന്ന ഒരാളായിരുന്നു സെബാസ്റ്റ്യനച്ചൻ.

കുമ്പസാരക്കൂടിനെ സ്വർഗത്തിലേക്കു തുറക്കുന്ന പ്രവേശനകവാടമാക്കിയ തീക്ഷ്ണത നിറഞ്ഞ പുരോഹിതനാണ് സെബാസ്റ്റ്യനച്ചൻ. കുമ്പസാരക്കൂട്ടിൽ അനേക മണിക്കൂറുകൾ അദ്ദേഹം ചെലവഴിച്ചിരുന്നു. ഏതൊക്കെ ആശ്രമങ്ങളിൽ ആയിരുന്നോ, അവിടെയും സമീപമുള്ള ഇടവകകളിലുമെല്ലാം അജപാലനദൗത്യം അദ്ദേഹം അതിന്റെ പൂർണ്ണതയിൽ നിർവ്വഹിച്ചിരുന്നു. അജപാലന ആവശ്യവുമായി ആരെങ്കിലും സമീപിച്ചാൽ എപ്പോഴും തയ്യാറായിരുന്നു അച്ചൻ. അദ്ദേ

ഹത്തിൽ നിന്ന് ആത്മീയതയുടെ പ്രകാശം സ്വീകരിക്കാൻ അനേകരാണ്. പൗരോഹിത്യത്തിന്റെ ആദ്യകാലം മുതൽ ആരോഗ്യം നഷ്ടമാകാൻ തുടങ്ങിയ കാലം വരെ അദ്ദേഹം ക്രിസ്തുവിന്റെ തീക്ഷ്ണതയേറിയ അജപാലകനായിരുന്നു.

പഠിക്കാനും പഠിപ്പിക്കാനും താൽപര്യമുള്ളയാളായിരുന്നു സെബാസ്റ്റ്യനച്ചൻ. ഛത്തീസ്ഗഡിലെ സ്കൂളിൽ ഹെഡ്മാസ്റ്റർ ആയിരുന്നതും കരിമ്പാനി കോളേജിലെ പ്രിൻസിപ്പാൾ ആയിരുന്നതും കോമ്പയാർ സ്കൂളിലെ മാനേജർ ആയിരുന്നതും അതാണ് വെളിപ്പെടുത്തുന്നത്. അച്ചന്റെ മരണം അറിഞ്ഞ ഒരു കോമ്പയാറിൽ നിന്നുള്ള ഒരാൾ സോഷ്യൽ മീഡിയായിൽ ഇങ്ങനെ എഴുതി:

"ഒന്നിച്ചിരുന്നു പഠിക്കാൻ ഒരു വാതിലും തുറക്കാത്ത കാലത്ത് പാവനമായ വിദ്യാലയത്തിന്റെ വാതിലുകൾ സ്നേഹത്തോടെ തുറന്നുതന്ന് കോമ്പയാർ നിവാസികളായ ചെറുപ്പക്കാരെ സർക്കാർ ജോലിക്ക് പഠിക്കുന്നതിനും ജോലി നേടുന്നതിനും അവസരമുണ്ടാക്കിത്തന്ന സ്നേഹനിധിയായ പിതാവ്. ഒരിക്കലും മറക്കില്ല ഞങ്ങൾ."

മറ്റൊരാൾ ഇങ്ങനെ കുറിച്ചു:

"കോമ്പയാർ പ്രദേശത്തുള്ള യുവാക്കൾക്ക് പി.എസി.സി പഠനത്തിന് എല്ലാ അവസരവും ഒരുക്കിത്തന്ന ഒരു നല്ല വൈദികൻ."

ഈ വാക്കുകളിലൂടെ പൂവത്തിങ്കലച്ചൻ ജനങ്ങൾക്ക് ആരായിരുന്നുവെന്നും അവർ എങ്ങനെ അച്ചനെ ഹൃദയത്തിൽ സൂക്ഷിക്കുന്നുവെന്നും മനസിലാക്കാൻ സാധിക്കും. താൻ ചെയ്ത കാര്യങ്ങൾ ഒരിക്കലും മറ്റുള്ളവരുടെ മുമ്പിൽ വച്ച് പറയുകയോ, അതിന്റെ പേരിൽ എന്തെങ്കിലും മേന്മ നടിക്കുകയോ അദ്ദേഹം ചെയ്തിട്ടില്ല.

അച്ചനൊപ്പം ഏഴു വർഷങ്ങൾ കാലടി ആശ്രമത്തിൽ താമസിച്ച ഫാ. സൈജു തുരുത്തിയിൽ പൂവത്തിങ്കലച്ചനെ അടയാളപ്പെടുത്തുന്നത് ഇപ്രകാരമാണ്:

"നിശബ്ദതയുടെ ആചാര്യൻ, ആവശ്യമില്ലാത്ത ഒരു വാക്ക് പോലും സംസാരിക്കാത്തയാൾ, ദാരിദ്ര്യത്തിൽ ജീവിച്ച പുരോഹിതൻ, ഒരിക്കലും സമൂഹപ്രാർത്ഥന മുടക്കാത്ത സന്യാസി, ഒരുക്കത്തോടെ എല്ലാ ദിവസവും വിശുദ്ധ കുർബാന അർപ്പിച്ച വൈദികൻ, കൃത്യസമയത്ത് ഭക്ഷണം, വ്യായാമം, ജോലി എന്നിവ എല്ലാ ദിവസവും നിർവ്വഹിച്ചിരുന്ന സമൂഹാംഗം, ഒരു പരാതികളും ഒരിക്കലും പറയാത്തയാൾ, ആരെയും ബുദ്ധിമുട്ടിക്കാത്ത മനുഷ്യസ്നേഹി, നമ്മൾ വിഷമങ്ങൾ പറയുമ്പോൾ മുഴുവനും നിശബ്ദമായി കേട്ടുകൊണ്ടിരിക്കുന്ന സ്നേഹസമ്പന്നനായ പിതാവ് – ഇതായിരുന്നു ഫാ. സെബാസ്റ്റ്യൻ പൂവത്തിങ്കൽ."

ഒരിക്കലും പരാതി പറയാത്ത, ആരെയും കുറ്റപ്പെടുത്താത്ത വിശുദ്ധനായ വൈദികനായിരുന്നു അദ്ദേഹം. കാസാ ഫ്രത്തേലിയിൽ സെബാസ്റ്റ്യനച്ചന്റെ സൂപ്പീരിയർ ആയിരുന്ന ഫാ. തോമസ് പുല്ലാട്ടിന്റെ വാക്കുകൾ ഇങ്ങനെയാണ്:

"അദ്ദേഹം സമൂഹത്തിൽ ഒരിക്കൽപ്പോലും പരാതി പറയുകയോ, മറ്റൊരളുടെ കുറ്റം പറയുകയോ ചെയ്തിട്ടില്ല. ആഡംബരജീവിതമോ, അധികം സാധനങ്ങളോ അച്ചന് ഇല്ലായിരുന്നു. ഉപയോഗിക്കാനുള്ള വസ്ത്രങ്ങളും കുറച്ചു പുസ്തകങ്ങളും മാത്രമാണ് അദ്ദേഹത്തിന്റെ സമ്പാദ്യം. ഒരു രീതിയിൽ പറഞ്ഞാൽ ശൂന്യമായ മുറിയാണ് അദ്ദേഹത്തിന്റേത്. തന്റെ ആവശ്യങ്ങൾക്കായി സഭയെ ബുദ്ധിമുട്ടിക്കാൻ അദ്ദേഹം ഒരിക്കലും തയ്യാറായിരുന്നില്ല. രോഗവും വേദനയും മൂർച്ഛിച്ച കാലത്തും തന്റെ വേദനയോ, അസ്വസ്ഥതയോ സെബാസ്റ്റ്യനച്ചൻ പ്രകടിപ്പിച്ചിട്ടില്ല. നിശബ്ദമായി എല്ലാം സഹിച്ചു. ഭക്ഷണത്തെക്കുറിച്ചോ, വസ്ത്രത്തെക്കുറിച്ചോ, മരുന്നിനെക്കുറിച്ചോ, ആശു

പത്രിയെക്കുറിച്ചോ, ചികിത്സിച്ചവരെക്കുറിച്ചോ, വേദനയെക്കുറിച്ചോ ഒരു പരാതിയും ഒരിക്കലും പറഞ്ഞിട്ടില്ല. സഹിക്കാൻ പറ്റാത്ത വേദന അദ്ദേഹത്തിനുണ്ടെന്ന് ഞങ്ങൾ മനസിലാക്കുന്നത് അദ്ദേഹത്തിന്റെ മുഖത്തിനു വരുന്ന മാറ്റത്തിൽ നിന്നായിരുന്നു. അതുപോലും ഞങ്ങളിൽ നിന്ന് മറച്ചുവയ്ക്കാൻ അച്ചൻ ശ്രമിച്ചിരുന്നു.''

അവസാനകാലത്ത് അച്ചനെ ശുശ്രൂഷിച്ച ഫാ. വിപിൻ ചേറാടിക്കും ഫാ. ജോബി തെക്കേടത്തിനും ബ്ര. എബിൻ പുത്തൻകളത്തിനും ബ്ര. ഡിനോ പെരുമ്പാത്രക്കും ബേബിച്ചൻ വേലിക്കകത്തിനും റ്റിബിൻ അഗസ്റ്റിനും മധുസൂദനൻ കെ.എ–ക്കും പറയാനുള്ളത് ഇതു തന്നെയാണ്.

''സഹനങ്ങളെ ഇത്രമാത്രം നിശബ്ദമായി ഏറ്റെടുക്കുന്ന യാതൊരു വിധത്തിലുമുള്ള നിഷേധാത്മക പ്രതികരണവും നടത്താത്ത, എല്ലാറ്റിനോടും പൂർണ്ണമായും സഹകരിക്കുന്ന, നിഷ്കളങ്കനായ ഒരു വൈദികൻ. അദ്ദേഹത്തെപ്പോലെ ഞങ്ങൾ മറ്റാരെയും കണ്ടിട്ടില്ല.''

സെബാസ്റ്റ്യൻ പൂവത്തിങ്കലച്ചന് സംസാരിക്കാനോ, ചലിക്കാനോ സാധിക്കാതിരുന്ന കാലത്ത് അദ്ദേഹത്തെ സന്ദർശിച്ച ജോർജ് കരിന്തോളിലച്ചൻ, വി. പത്രോസിനെ ഉദ്ധരിച്ച് ഇങ്ങനെ പറഞ്ഞു: ''ശരീരത്തിൽ പീഡനമേറ്റ ക്രിസ്തുവിന്റെ മനോഭാവം നിങ്ങൾക്ക് ആയുധമായിരിക്കട്ടെ. എന്തെന്നാൽ ശരീരത്തിൽ സഹിച്ചിട്ടുള്ളവൻ പാപത്തോട് വിട വാങ്ങിയിരിക്കുന്നു'' (1 പത്രോസ് 4:1). ''ഈശോ കുരിശിൽ കിടന്ന് സഹിച്ചതുപോലെ അച്ചൻ സ്വന്തം ശയ്യയിൽ കിടന്നു സഹിക്കുന്നു. ഈ സഹനം രക്ഷാകരമാണ്. തന്റെ കുരിശിലെ സഹനത്തിൽ പങ്കാളിയാകാനാണ് ഈശോ നമ്മുടെ പൂവത്തിങ്കലച്ചനെ വിളിച്ചിരിക്കുന്നത്.'' മറ്റുള്ളവരുടെ പാപങ്ങൾക്കു പരിഹാരമായാണ് പൂവത്തിങ്കലച്ചൻ ഈ സഹനം ഏറ്റുവാങ്ങുന്നതെന്നും അച്ചൻ അന്ന് പ്രാർത്ഥിച്ചിട്ടു പറഞ്ഞിരുന്നു.

''തന്റെ വിശുദ്ധരുടെ മരണം കർത്താവിന് അമൂല്യമാണ്'' എന്ന് സങ്കീർത്തകൻ പറയുന്നു (സങ്കീ. 116:15). ഈ നീതിമാന്റെ മരണവും കർത്താവിന്റെ സന്നിധിയിൽ അമൂല്യമാണ്. മാസങ്ങളോളം തീവ്രമായ സഹനത്തിൽക്കൂടി കടന്ന്, ഉയിർപ്പു ഞായറാഴ്ച ആരംഭിക്കുന്നതിന് മണിക്കൂറുകൾക്കു മുമ്പ് കർത്താവിന്റെ സന്നിധിയിലേക്ക് കടന്നുപോയ സെബാസ്റ്റ്യൻ പൂവത്തിങ്കലച്ചൻ ദൈവത്തിന് ഏറ്റവും പ്രിയമുള്ള ആളാണ് എന്നത് തീർച്ചയാണ്.

പ്രാർത്ഥനയുടെ മനുഷ്യൻ, നിശബ്ദനായ ദിവ്യകാരുണ്യ പ്രേഷിതൻ, തീക്ഷ്ണതയുള്ള മിഷനറി, നിഷ്കളങ്കനായ സന്യാസി, ആരെയും കുറ്റം പറയാത്ത നന്മ നിറഞ്ഞ വൈദികൻ എന്നൊക്കെ നമുക്ക് സെബാസ്റ്റ്യൻ പൂവത്തിങ്കലിനെ അടയാളപ്പെടുത്താം. അദ്ദേഹം നടന്ന വഴികൾ വിശുദ്ധിയുടേതായിരുന്നു. അദ്ദേഹം ചെയ്ത പ്രവർത്തനങ്ങൾ ധന്യമായിരുന്നു, അദ്ദേഹം ഏറ്റെടുത്ത സഹനങ്ങൾ മറ്റുള്ളവർക്കായിരുന്നു.

സഹനത്തിന്റെ കടൽ താണ്ടി കടന്നുപോയി ഈ നിഷ്കളങ്കനായ, നിശബ്ദനായ, നീതിനിഷ്ഠനായ ജേഷ്ഠസഹോദരൻ നമുക്ക് വഴിയും വിളക്കുമാണ്.

ഞങ്ങൾക്ക് – എം.സി.ബി.എസ് സന്യാസ സമൂഹത്തിന് നൽകിയ പൂവത്തിങ്കൽ കുടുംബത്തിന് നന്ദിയും സർവ്വശക്തനായ ദൈവത്തിനു മഹത്വവും.

ദൈവത്തിന്റെ നാമം വാഴ്ത്തപ്പെടട്ടെ!

**ഫാ. ജോർജ് കടൂപ്പാറയിൽ MCBS**